**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4526** **10-08-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക തസ്തികകളിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശകളിലെ അദ്ധ്യാപക തസ്തികകൾ വിജ്ഞാപനം ചെയ്യുമ്പോൾ സംവരണ തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിരിക്കണമെന്ന് യു.ജി.സി. നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തെ സർവകലാശാലകൾ യു.ജി.സി. യുടെ നിർദ്ദേശം പാലിക്കുന്നുണ്ടോ; | (എ) | സർവ്വകലാശാലകളിൽ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ ങ്ങൾ അനുസരിച്ചാണ് നടത്തുന്നത്. യു.ജി.സി റെഗുലേഷനിൽ സംവരണ ത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തു മ്പോൾ സംവരണത്തിനായി സർവ്വ കലാശാലയെ ഒറ്റ യൂണിറ്റായി ഇവ പരിഗണിക്കുന്നതിനുള്ള സ്പഷ്ടീകരണം യു.ജി.സി നൽകിയിട്ടുണ്ട്. |
| (ബി) | കാലിക്കറ്റ് സർവകലാശാല സംവരണം വ്യക്തമാക്കാതെ അദ്ധ്യാപക തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | W.P(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03rd day of February 2016 കോടതി വിധി പ്രകാരം സംവരണം നിയമന സമയത്ത് മാത്രമേ വ്യക്തമാക്കാവൂ. അതിൻ പ്രകാരം സംവരണം വിജ്ഞാപനത്തിൽ ഉൾപ്പടുത്തിയിട്ടില്ല. |
| (സി) | സംവരണം ചെയ്യേണ്ട തസ്തികകളിലേക്ക് പൊതു വിഭാഗത്തിൽപ്പെട്ടവർ അപേക്ഷ സമർപ്പിക്കുന്നത് സംവരണ വിഭാഗക്കാരുടെ സാദ്ധ്യതകളെ ബാധിക്കുമോ; വിശദമാക്കുമോ? | (സി) | സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ ഏതു വിഭാഗത്തിനാണോ സംവരണം ചെയ്യപ്പെട്ടത് ആ വിഭാഗത്തിന് മാത്രമേ പ്രാതിനിധ്യം ലഭിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ സംവരണ വിഭാഗങ്ങളുടെ സാധ്യതകൾക്ക് യാതൊരു വിധത്തിലുള്ള തടസ്സങ്ങളും ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ